പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1835 05.02.2019-ലെ മറുപടിക്ക്

# പിറവം ഡിപ്പോയിൽ നിന്നും മുടങ്ങിയ സർവ്വീസുകൾ

ചോദ്യം

ശ്രീ.അനൂപ് ജേക്കബ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പിറവം ഡിപ്പോയിൽ നിന്നും കൂത്താട്ടുകുളം സബ് ഡിപ്പോയിൽ നിന്നും എത്ര എം പാനൽ ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ട് എന്നും ഇപ്രകാരം പിരിച്ചു വിട്ടതുമൂലം എത്ര ഷെഡ്യൂളുകൾ /സർവ്വീസുകൾ മുടങ്ങിയിട്ടുണ്ടെന്നും അറിയിക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി പിറവം ഡിപ്പോയിൽ നിന്നും 47 എംപാനൽ ജീവനക്കാരെയും, കൂത്താട്ടുകുളം ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നും 25 എംപാനൽ ജീവനക്കാരെയും പിരിച്ചുവിട്ടിട്ടുണ്ട്. ഇപ്രകാരം പിരിച്ച് വിട്ടതുമൂലം പിറവം ഡിപ്പോയിൽ നിന്നും 30 സർവ്വീസുകളും (സിംഗിൾ ഡ്യൂട്ടി) കൂത്താട്ടുകുളം സബ് ഡിപ്പോയിൽ നിന്നും 15 സർവ്വീസുകളും മുടങ്ങിയിട്ടുണ്ട്. |
| (ബി) | സർവ്വീസുകൾ മുടങ്ങിയത് മൂലം കഴിഞ്ഞ ഒരു മാസത്തെ പ്രതിദിന നഷ്ടം എത്രയാണെന്ന് അറിയിക്കുമോ; | (ബി) | എംപാനൽ കണ്ടക്ടർമാരെ പിരിച്ച് വിട്ടതു മുതൽ പുതിയ പി.എസ്.സി. കണ്ടക്ടർമാർ ജോലിയിൽ പ്രവേശിച്ചതിനും ഇടയ്ക്കുള്ള കാലയളവിൽ പിറവം ഡിപ്പോയിൽ ശരാശരി 70,000/- രൂപയുടേയും, കൂത്താട്ടുകുളം ഡിപ്പോയിൽ ശരാശരി 30,000/- രൂപയുടേയും കുറവ് പ്രതിദിന വരുമാനത്തിൽ ഉണ്ടായിട്ടുണ്ട്. |
| (സി) | എം പാനൽ ജീവനക്കാരുടെ കുറവിനെത്തുടർന്ന് മുടങ്ങിയ സർവ്വീസുകൾ/ ഷെഡ്യൂളുകൾ വീണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഉണ്ട്. പി.എസ്.സി ലിസ്റ്റിൽ നിന്നും അതിവേഗം നിയമനം നടത്തിയിട്ടുള്ളതും ഡ്രൈവർ കം കണ്ടക്ടർ സംവിധാനത്തിൽ കൂടുതൽ ജീവനക്കാർക്ക് പരിശീലനം നൽകി ജോലിക്കായി നിയോഗിച്ചിട്ടുള്ളതുമാണ്. |



**സെക്ഷൻ ഓഫീസർ**